# ശാസ്ത്രവുംപരിസ്ഥിതിയും

**കോമൺ കോഴ്സ്(എൽ.ആർ.പി.) മൊഡ്യൂൾ 2**

**2018-2019**

**തയ്യാറാക്കിയത്:**


**ജിഷ എലിസബേത്ത് വർഗീസ്,**

**മലയാളവിഭാഗം ,സെൻറ് മേരീസ് കോളെജ്,തൃശ്ശൂർ.**

# എൻമകജെ

-അംബികാസുതൻ  മങ്ങാട്

പാരിസ്ഥിതിക
അധിനിവേശ
ദുരന്തങ്ങളെ
ഏറ്റവും
സൃഷ്ടിപരമായി
ആവിഷ്കരിക്കുന്ന
മലയാള  നോവൽ



# അംബികാസുതൻ മങ്ങാട്



- കാസർഗോഡ് ജില്ലയിലെ ബാര എന്ന കൊച്ചു ഗ്രാമത്തിൽ 1962 ഒക്ടോബറിൽ ജനനം.
- ജന്തുശാസ്ത്രത്തിൽ ബിരുദവും കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദവും, എം.ഫിലും നേടി.
- കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ മലയാള വിഭാഗം അദ്ധ്യാപകനായി പ്രവർത്തിക്കുന്നു.
- കയ്യൊപ്പ് എന്ന ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും നിർവ്വഹിച്ചിട്ടുണ്ട്

# കൃതികൾ

- കുന്നുകൾ പുഴകൾ
- എൻമകജെ
- രാത്രി
- രണ്ടു മുദ്ര
- ജീവിതത്തിന്റെ മുദ്ര
- കമേഴ്സ്യൽ ബ്രേക്ക്
- വാലില്ലാത്ത കിണ്ടി
- ഒതേനന്റെ വാൾ
- മരക്കാപ്പിലെ തെയ്യങ്ങൾ
- രണ്ടു മൽസ്യങ്ങൾ
- ഓർമ്മകളുടെ നിണബലി – (നിരൂപണ ഗ്രന്ഥം)

# പുരസ്കാരങ്ങൾ

- കഥാരംഗം നോവൽ അവാർഡ് - 2010 - എൻമകജെ [3]
- കാരൂർ പുരസ്കാരം - എസ്.പി.എസ്.
- തുഞ്ചൻ സ്മാരക അവാർഡ് - കേരള സാഹിത്യ അക്കാദമി
- അങ്കണം അവാർഡ്
- ഇതൾ അവാർഡ്
- അബുദാബി ശക്തി അവാർഡ്

# എൻമകജെ -പ്രമേയം

- എൻഡോസൾഫാൻ ദുരന്തം ബാധിച്ച കാസർഗോഡിലെ എൻമകജെ എന്ന ഗ്രാമത്തിലെ ദുരിത പൂർവമായ ജന ജീവിതത്തിനെ ആധാരമാക്കി അംബികാസുതൻ മാങ്ങാട് എഴുതിയ നോവലാണ് **എൻമകജെ.**
- എൻമകജെയിലും പരിസരപ്രദേശങ്ങളിലും മുപ്പതുവർഷങ്ങളോളമായി കശുമാവിൻതോട്ടങ്ങളിൽ തളിക്കുന്ന എൻഡോസൾഫാൻ എന്ന വിഷം മനുഷ്യനേയും ജീവജാലങ്ങളേയും ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന കഥ മനുഷ്യൻറെ ദുരയുടെയും ആസക്തിയുടെയും സാക്ഷ്യവും അതിജീവനത്തിന്റെ നിലവിളിയുമാണ്.
- സാമൂഹികപ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടുന്നതിനാൽ എൻഡോസൾഫാൻ ദുരിത മേഖലയായ എന്മഗജയിൽ നേരിട്ട് പോകാനും കരളലിയിപ്പിക്കുന്ന ആ ഗ്രാമീണരുടെ ജീവിതാവസ്ഥ നേരിട്ടു കാണാനും ഇടവന്നു. ഇതേത്തുടർന്നാണ് ആ ഗ്രാമത്തിന്റെ പേരിൽത്തന്നെ ഒരു നോവൽ പ്രസിദ്ധീകരിക്കാൻ കഥാകാരൻ തീരുമാനിക്കുന്നത്. നാട്ടു വിശ്വാസത്തെപ്പറ്റിയും ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും യാഥാർത്ഥ്യവും ഭാവനയും ഇടകലർത്തി നോവൽ വിശദീകരിക്കുന്നു. 2000-2001 കാലത്തെ ഗ്രാമാവസ്ഥയാണ് നോവലിൽ ആവിഷ്കരിക്കുന്നത്.

# കഥയും ചിന്തയും

- ‘ഒരു സത്യമുണ്ട് എൻമകജെയുടെ ദു:ഖം നിലവിലുള്ള ഒരു ഭാഷയിലും വിവരിക്കാനാവുകയില്ല. ഒരു നോവലും അതിനു മതിയാവുകയില്ല. ആ ദു:ഖത്തിനു പകരംവെയ്ക്കാൻ ഈ ഭൂമിയിൽ മറ്റൊന്നുമില്ല.’ - അംബികാസുതൻ മങ്ങാട്.

മനുഷ്യരിൽ വിശ്വാസം നഷ്ടപ്പെട്ടതിനാൽ മനുഷ്യരെ കാണാതിരിക്കാൻ കാട്ടിൽ ഇടം തേടുന്ന രണ്ടു മനുഷ്യരിലൂടെ(നീലകണ്ഠനും ദേവകിയും) വളരെ നാടകീയമായി നോവൽ ആരംഭിക്കുന്നു. അവരെത്തിച്ചേരുന്ന ഇടമാണ് സ്വർഗ്ഗം. ആചാരങ്ങളിലും വിശ്വാസങ്ങളിലും മിത്തുകളിലും രൂപപ്പെട്ടുവരുന്ന ഇതിവൃത്തം മണ്ണിന്റേയും മനുഷ്യന്റേയും നിലവിളികൾക്ക് ഉത്തരം നൽകുന്ന മനുഷ്യരുടെ അനിവാര്യത ബോധ്യപ്പെടുത്തുന്നു. മരങ്ങൾ വെട്ടിമുറിക്കാത്ത, ജലം വിശുദ്ധമായി കരുതിയിരുന്ന നാഗങ്ങളെയും വൃക്ഷങ്ങളെയും ആരാധിച്ചിരുന്ന എൻമകജെയിലേയ്ക്ക് ശാസ്ത്രത്തിൻറെ അന്ധകവീര്യം(എൻഡോസൾഫാൻ) കടന്നുവരുന്നു.

# എൻമകജെയുടെ സംസ്കാരം

- ഇത് എൻമകജെയുടെ മാത്രം സവിശേഷതയാണ്. മുള്ളുകളില്ലാത്ത, എപ്പോഴും പുഷ്പിക്കുന്ന അതിർത്തികള്. യാത്രികനെ മുള്ളുകൾകൊണ്ട് കയറിപ്പിടിക്കുകയില്ല. അപരിചിതനാണെങ്കിലും വിടർന്ന പൂച്ചിരികൾകൊണ്ട് സ്വാഗതം ചെയ്യും (പേജ് 55) ഇതാണ് 'എൻമകജെ' എന്ന നാടിന്റെ സംസ്കാരം.
- ഏറ്റവും അധികം ഭാഷകളും ജാതികളും താമസിക്കുന്ന മറ്റൊരു പ്രദേശം കേരളത്തിലില്ല. തുളു, കൊങ്കിണി, മറാഠി, ബ്യാരി, അറബി, ഉർദു, കന്നട, മലയാളം തുടങ്ങി എട്ടിലധികം ഭാഷയും പ്രകൃതിയോടിണങ്ങിയ സംസ്കാരവും ഇവിടെ നിലനിൽക്കുന്നു.
- അധികാരത്തിൻറെ ചോരപ്പുളപ്പിൽ പൊടിഞ്ഞ ചെറുതുകളുടെ കണ്ണീർതോറ്റങ്ങളാണ് ആ നാടിൻറെ സംഗീതം.

# പ്രകൃതിപ്രതിരോധവും കൂട്ടായ്മയും

- കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ സൃഷ്ടിച്ച രാസദുരന്തങ്ങളുടെ നേർക്ക് ഒരു സമൂഹം അവരുടെ ജീവിതംകൊണ്ടു നടത്തിയ പോരാട്ടത്തിന്റെ കഥ.
- തിരിച്ചറിവിൻറെ, ബോധവത്കരണത്തിൻറെ, ഉയിർത്തെഴുന്നേല്പിൻറെ കഥയാണിത്.
- ഒരു നാടിന്റെ, ജനതയുടെ, സംസ്കാരത്തിന്റെ നിലനില്പിനെതന്നെയും അട്ടിമറിക്കാനും സ്വാർത്ഥലാഭം കൊയ്യാനും ശ്രമിച്ചവർക്കു നേരെയുള്ള പ്രതികാരത്തിന്റെ കഥ.
- ജനകീയപോരാട്ടങ്ങളുടെ കഥ
- അതിജീവനത്തിൻറെ കഥ

# കഥാപാത്രങ്ങൾ

- നീലകണ്ഠനും ദേവയാനിക്കുമൊപ്പം പത്രപ്രവർത്തകനായ ശ്രീരാമഭട്ടും ജയരാജനും ഡോ. അരുൺകുമാറും ലീലാകുമാരിയമ്മയും എൻമകജെയിലെ നിസഹായരായ മനുഷ്യരും ചേർന്ന് നടത്തുന്ന പോരാട്ടമാണ് നോവലിൽ ആവിഷ്കരിച്ചിട്ടുള്ളത്.
- നോവലിലെ ശക്തമായ ഒരു ആഖ്യാനസാന്നിധ്യമാണ് ഗുഹ. നോവലിലെ ശബ്ദിക്കുന്ന ഗുഹ മനുഷ്യന്റെ നന്മവറ്റാത്ത മനസ്സാണ്, ചിന്തയാണ്, ശബ്ദമാണ്.
- സാമ്രാജ്യത്വത്തിൻറെയും അധിനിവേശത്തിൻറെയും പുതുയുഗത്തിൽ കഴുതയായി പിറന്ന് ബുദ്ധൻ നന്മയുടെ ദേവസാന്നിധ്യമാവുന്നു.
- ദുരന്തപ്രതീകമായ കുഞ്ഞും പഞ്ചിമൂപ്പരും കാലത്തിൻറെ പാരിസ്ഥിതിക അവബോധത്തിനു സാക്ഷികളും കർമ്മമൂലങ്ങളുമായി ഭവിക്കുന്നു.
- ഇരകളാക്കപ്പെടുന്ന മനുഷ്യരുടെ ദുരന്തങ്ങൾക്കുനേരെ കണ്ണടയ്ക്കാനാവാതെ നീലകണ്ഠനും ദേവയാനിയും സ്വന്തം സ്വത്വത്തിൻറെ അനിവാര്യപ്രതിരോധശേഷി തിരിച്ചറിയുകയും പുരുഷനും പെണ്ണുമായി, ബഹുരാഷ്ട്രകുത്തകമുതലാളിമാർക്കെതിരെ ശക്തിയാർജ്ജിക്കുകയും ചെയ്യുന്നു.